**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2892** | **10.03.2017-ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. സ്വരാജ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അനുവദിച്ച തുക പോലും വർഷങ്ങളായി കുടിശ്ശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷൻ ശുപാർശ ചെയ്ത് ഇതുവരെ കടാശ്വാസം അനുവദിച്ച 214.40 കോടി രൂപയിൽ 197.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 5.35 കോടി രൂപ അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്. |
| (ബി) | വളരെക്കാലമായി ഈ ആശ്വാസധനം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന ഒട്ടേറെ മത്സ്യത്തൊഴിലാളികൾക്ക് ഇത് ഏറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ലിസ്റ്റുകൾ പ്രകാരമുള്ള കടങ്ങൾക്കാണ് കടാശ്വാസം അനുവദിക്കുന്നത്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട കടങ്ങൾക്കും മത്സ്യഫെഡുമായി ബന്ധപ്പെട്ട കടങ്ങൾക്കും ഓഡിറ്റിംഗിന് ശേഷമാണ് ഫണ്ട് അനുവദിക്കുന്നത്. ഇത് നേരിയ കാലതാമസം ഉണ്ടാക്കാറുണ്ട്. ദേശസാൽകൃത ബാങ്കുകളുമായി ബന്ധപ്പെട്ട കടങ്ങൾക്കും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കടങ്ങൾക്കും ഇനിയൊരു ഓഡിറ്റിംഗ് ആവശ്യമില്ലായെന്നും സെക്രട്ടറി കടാശ്വാസ കമ്മീഷൻ സാക്ഷ്യപ്പെടുത്തി നൽകിയാൽ മതിയാകും എന്നതിനാൽ കാലതാമസം കൂടാതെ തന്നെ കടാശ്വാസ തുക വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. കടാശ്വാസം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഏതു കാലം വരെയുള്ള സഹായധനം വിതരണം ചെയ്തിട്ടുണ്ട്; | (സി) | 31/12/07 വരെ എടുത്തിട്ടുള്ള വായ്പകളിന്മേൽ 2016-17 സാമ്പത്തിക വർഷം വരെ അനുവദിച്ച 214.40 കോടി രൂപയിൽ 197.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ കടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ഡി)യും<br>(ഇ) യും | 2016-17 വർഷം 17.50 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ ദേശസാൽകൃത ബാങ്ക്, മറ്റു സർക്കാർ ധനകാര്യസ്ഥാപനങ്ങൾ, മത്സ്യഫെഡ് എന്നിവയുമായി ബന്ധപ്പെട്ട കടങ്ങൾക്ക് നാളിതുവരെയായി 5.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സഹകരണ വകുപ്പ്, മത്സ്യഫെഡ്, ദേശസാൽകൃത ബാങ്കുകൾ, മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കടങ്ങൾക്ക് 5.35 കോടി രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | എന്നത്തേക്ക് ഇവ പൂർണ്ണമായി വിതരണം ചെയ്യുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ